പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4009 25.06.2014-ൽ മറുപടിക്ക്

**<u>താലൂക്ക് ആശുപത്രികളിലെ കാഷ്വാലിറ്റി സൗകര്യം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാഷ്വാലിറ്റി സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) പേരാവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം സമയബന്ധിതമായി ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാഷ്വാലിറ്റി സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് വിവിധ പി.എച്ച്.സി-കളിലും സി.എച്ച്.സി-കളിലും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലുമായി ധാരാളം പോസ്റ്റുകൾ ആശുപത്രികളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിരുന്നു. വീണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ, ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്തുത വാഗ്ദാനം നടപ്പാക്കാനായില്ല. ജോലിഭാരം കുറഞ്ഞ ആശുപത്രികളിൽ നിന്നും അവിടുത്തെ ഒ.പി/ഐ.പി ആവശ്യകത വിലയിരുത്തിയ ശേഷം താലൂക്ക് ആശുപത്രികളിലേക്ക് ഡോക്ടർമാരുടെ കഴിയുന്നത്ര തസ്തികകൾ റീ-ഡിപ്ലോയ് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ